# പരിശുദ്ധാത്മാവിൻറെ ശക്തിയാൽ കർത്താവിനെ സേവിക്കുന്ന വിധം

സാക് പുന്നൻ

WFTW 28 ജൂൺ 2015

ഒരാത്മീയ നേതാവ് തൻറെ എല്ലാ പ്രവൃത്തിയും ചെയ്യുന്നത് ദൈവത്തിൻറെ ഇഷ്ടത്തിലും, ദൈവത്തിൻറെ ശക്തിയാലും ദൈവത്തിൻറെ മഹത്വത്തിനായിട്ടും ആണ്. അതുകൊണ്ട് അത് ഒടുവിലത്തെ ശോധനാഗ്നിയിലൂടെ സ്വർണ്ണം, വെള്ളി, വിലയേറിയ കല്ല് എന്നിവ പോലെ വെളിപ്പെട്ടു വരും (1 കൊരി. 3:12 15). 2 കൊരിന്ത്യർ 3:5,6ൽ പൗലൊസ് പറയുന്നത് ദൈവം നമ്മെ സജ്ജരാക്കുകയും പര്യാപ്തമാക്കുകയും ചെയ്യുന്നില്ലെങ്കിൽ നമുക്കാർക്കും പുതിയ ഉടമ്പടിയുടെ ശുശ്രൂഷകന്മാരാകുവാൻ കഴിയുകയില്ല എന്നാണ്. ഒരു ആത്മീയനേതാവ് ദൈവം തനിക്കു നൽകുന്ന പര്യാപ്തതയാൽ ശുശ്രൂഷ ചെയ്യുന്നതുകൊണ്ട്, അവൻറെ അദ്ധ്വാനത്തിൻറെ ഒരു ബഹുമതിയും അവനെടുക്കാൻ കഴിയുകയില്ല. യഥാർത്ഥമായി ദൈവത്തിൻറെ ജീവനാണ് നമ്മിലൂടെ ഒഴുകി മറ്റുള്ളവരെ അനുഗ്രഹിക്കുന്നുതെങ്കിൽ, അതിൻറെ ഒരു ബഹുമതിയും നമുക്കായിട്ട് എടുക്കുവാൻ നമുക്കു കഴിയുകയില്ല  കാരണം നാം ഒരിക്കലും ഉൽപാദിപ്പിക്കാത്ത ഒന്നിൻറെ പേരിൽ പുകഴ്ച എടുക്കുവാൻ നമുക്കു കഴിയുകയില്ല! ഉദാഹരണത്തിന്, വേറെ ഒരാൾ പചകം ചെയ്ത ഒരു കേക്ക് ഞാൻ കൊണ്ടുവന്ന് അത് നിങ്ങൾക്കു വിതരണം ചെയ്യുമ്പോൾ നിങ്ങളെല്ലാവരും അതിനെ പുകഴ്ത്തി 'സഹോദരൻ സാക്, അത് വിശിഷ്ടമായ ഒരു കേക്കായിരുന്നു' എന്നു പറഞ്ഞാൽ ഞാൻ അഭിമാനിക്കുവാൻ പ്രലോഭിപ്പിക്കപ്പെടുകപോലുമില്ല. കാരണം, ഞാൻ അതു പാചകം ചെയ്തതല്ല. മറ്റൊരാൾ പാചകം ചെയ്ത ഒരു കേക്ക് വിതരണം ചെയ്യുക മാത്രമാണ് ഞാൻ ചെയ്തത്. എന്നാൽ അത് ഞാൻ തന്നെ പാചകം ചെയ്തതായിരുന്നെങ്കിൽ, ഞാൻ നല്ല ഒരു ജോലി ചെയ്തു എന്ന് അപ്പോൾ എനിക്കഭിമാനിക്കാമായിരുന്നു. പക്ഷേ മറ്റൊരാൾ ഉണ്ടാക്കിയ ഒന്നിനു വേണ്ടി പുകഴ്ചയെടുക്കുവൻ എനിക്കെങ്ങനെ കഴിയും?

മറ്റുള്ളവരിലേക്ക് നാം പകർന്നു കൊടുക്കുന്നത് ദൈവം നമ്മിൽ ഉളവാക്കിയതാണോ അതോ നാം തന്നെ ഉണ്ടാക്കിയെടുത്തതാണോ എന്ന് നമുക്ക് അറിയാൻ കഴിയുന്ന ഒരു മാർഗ്ഗം ഇതാണ്. നമ്മുടെ ശുശ്രൂഷയെ (കേക്ക്) കുറിച്ച് നാം അഭിമാനിയാണോ? അങ്ങനെയാണെങ്കിൽ ആ ശുശ്രൂഷ (കേക്ക്) നാം തന്നെ ഉൽപാദിപ്പിച്ചതായിരിക്കും! ദൈവത്തിന് അതുകൊണ്ട് ഒന്നും ചെയ്യാനില്ല. അത് ദൈവം സൃഷ്ടിച്ചതാണെങ്കിൽ അതെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് ഒരു സാധ്യതയുമില്ല. യേശുവിൻറെ ശിഷ്യന്മാർ പുരുഷാരത്തിനു വിളമ്പിയ അപ്പത്തിൻറെയും മീനിൻറെയും മേലുള്ള ബഹുമതി അവർക്കെടുക്കാൻ കഴിയുമായിരുന്നു എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഇല്ല. തൻറെ ഭക്ഷണപ്പൊതി യേശുവിനു കൊടുത്ത ആ ബാലനു പോലും അതിൻറെ ബഹുമതി എടുക്കാൻ കഴിയുമായിരുന്നില്ല. യേശു ഉൽപാദിപ്പിച്ചു കൊടുത്തത് ശിഷ്യന്മാർ വിതരണം ചെയ്യുക മാത്രമേ ചെയ്തുള്ളു. ഉൽപാദന ഇടപാടിൽ ഇല്ലാതെ വിതരണ ഇടപാടിൽ മാത്രമേ നാം ആയിരിക്കുന്നുള്ളു എന്നതിൽ ദൈവത്തെ സ്തുതിക്കാം. അതുകൊണ്ടാണ് നമുക്ക് എല്ലാ സമയത്തും പൂർണ്ണ സ്വസ്ഥതയിലായിരിക്കാൻ കഴിയുന്നത്. നാം തന്നെ ഉണ്ടാക്കേണ്ടി വരുമ്പോഴാണ് അതിപ്രയത്നം ഉണ്ടാകുന്നത്  നാം വിതരണം ചെയ്യേണ്ടി വരുമ്പോഴല്ല. വിതരണ ഇടപാടിൽ നാം ക്ഷീണിതരാകാം എന്നതു സത്യമാണ്. പക്ഷേ അവിടെ പിരിമുറുക്കങ്ങൾ ഇല്ല. നമ്മുടെ പര്യാപ്തത ദൈവത്തിൽ നിന്നാണ്. വിലയുള്ള യാതൊന്നും നമുക്കു തന്നെ ഉൽപാദിപ്പിക്കുവാൻ കഴിയുകയില്ല എന്ന് നമുക്കറിയാം. അതുകൊണ്ട് നാം അതിനായി പരിശ്രമിക്കുകപോലും ചെയ്യരുത്.

പരിശുദ്ധാത്മാവിൻറെ സഹായമില്ലാതെ നാം നിർവ്വഹിക്കുന്ന എല്ലാ കാര്യവും മാനുഷികമാണെന്നും അതു നിത്യമായ ഒരു വിലയും ഇല്ലാത്തതാണെന്നും ഓർക്കുക. പ്രാർത്ഥന ഇല്ലാതെയും. ദൈവത്തിൻറെ സഹായം തേടാതെയും, പരിശുദ്ധാത്മാവിൻറെ ശക്തി കൂടാതെയും നിങ്ങൾക്കു പ്രസംഗിക്കുവാനും ധാരാളം കാര്യങ്ങൾ പൂർത്തീകരിക്കാനും കഴിയും. നിങ്ങൾക്ക് മഹത്തായ മാനുഷിക കഴിവുകൾ ഉണ്ടായിരിക്കാം. അവയാൽ നിങ്ങൾക്ക് വളരെ അധികം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുകയും ചെയ്യും. എന്നാൽ അതെല്ലാം മരവും പുല്ലും വയ്ക്കോലുമായിരുന്നെന്ന് ഒരുനാൾ കണ്ടെത്തും.

ഒരു ദിവസം യേശു പരീശന്മാരെ ശാസിക്കുകയും തിരുത്തുകയും ചെയ്തപ്പോൾ, അവിടുത്തെ ശിഷ്യന്മാർ തൻറെ അടുക്കൽ വന്നിട്ട് അവിടുത്തോടു പറഞ്ഞു 'പരീശന്മാർ ഈ വാക്കു കേട്ട് ഇടറിപ്പോയി എന്ന് അവിടുന്നു അറിയുന്നുവോ?' ആ പരീശന്മാരെക്കുറിച്ചു വിഷമിക്കണ്ട. കാരണം, അവർ കുരുടന്മാരെ നയിക്കുന്ന കുരുടന്മാരായ വഴികാട്ടികൾ ആകുന്നു എന്നും 'സ്വർഗ്ഗസ്ഥനായ എൻറെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും.' എന്നും യേശു അവരോട് പറഞ്ഞു (മത്താ. 15:12,13).

നിങ്ങൾ പ്രസംഗിക്കുമ്പോഴെല്ലാം ഒരു വിത്ത് നടുകയാണ് ചെയ്യുന്നത്. നിങ്ങൾ നടുന്നത് ദൈവത്തിൽ നിന്നല്ലെങ്കിൽ, അതൊരു ദിവസം പിഴുതു മാറ്റപ്പെടും. പരിശുദ്ധാത്മാവിൻറെ പര്യാപ്തതയാൽ നാം ചെയ്യുന്നതെങ്കിൽ മാത്രമേ നമ്മുടെ പ്രവൃത്തികൾ നിത്യതയിലേക്ക് നിലനിൽക്കുകയുള്ളു. എന്നാൽ പ്രാർത്ഥന കൂടാതെയും, നിസ്സഹായതയോടെ ആശ്രയത്തിനായി ദൈവത്തിൽ ചാരാതെയും നാം ദൈവത്തിനു വേണ്ടി നമ്മുടെ പ്രവൃത്തി ചെയ്താൽ, അപ്പോൾ തീർച്ചയായും അത് ഒരു ദിവസം വേരോടെ പറിഞ്ഞുപോകും. നമുക്ക് പരിശുദ്ധാത്മാവിൻറെ ശക്തി ആവശ്യമില്ലാത്തതും എന്നാൽ ധാരാളം പണവും ഒരു നല്ല കാര്യനിർവ്വാഹകനും മാത്രം ആവശ്യമുള്ളതുമായ അനേക കാര്യങ്ങൾ ക്രിസ്തീയ വേലയ്ക്കുണ്ട്. ഉദാഹരണത്തിന്, നിങ്ങൾ ഒരു ക്രൈസ്തവ സമ്മേളനം ക്രമീകരിക്കുകയാണെങ്കിൽ, ധാരാളം പ്രവർത്തനങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. ഒരു ഹാൾ വാടകയ്ക്കെടുക്കണം, ആഹാരത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യണം... തുടങ്ങിയവ. എന്നാൽ ഇവയെല്ലാം ക്രിസ്ത്യാനി അല്ലെങ്കിൽ പോലും ഒരു നല്ല കാര്യനിർവ്വാഹകന് ചെയ്യാൻ കഴിയും. വാസ്തവത്തിൽ ലോകപരമായ അനേകം സമ്മേളനങ്ങളും മിക്ക ക്രിസ്തീയ കോൺഫറൻസുകളെക്കാൾ വളരെ നല്ല രീതിയിൽ സംഘടിപ്പിക്കപ്പെടാറുണ്ട്. എന്നാൽ ഒരു ക്രിസ്തീയ കോൺഫറൻസിൻറെ നിത്യത മുഴുവൻ നിലനില്ക്കുന്ന ഭാഗം വചനശുശ്രൂഷയാണ്. എന്നാൽ ആ ഭാഗം പരിശുദ്ധാത്മാവിൻറെ അഭിഷേകത്തിൻ കീഴിൽ ചെയ്യപ്പെടുകയും വേണം! നല്ല ക്രമീകരണങ്ങൾ ചെയ്യുന്നതിൻറെ ആവശ്യകതയെ വില കുറച്ചു കാണിക്കുകയല്ല ഞാൻ ചെയ്യുന്നത്. ഏതൊരു സമ്മേളനത്തിൻറെയും വിജയത്തിന് അവ ആവശ്യമാണ്. എന്നാൽ പരിശുദ്ധാത്മാവിൻറെ ശക്തിയിൽ ചെയ്യപ്പെടുന്ന കാര്യങ്ങൾ മാത്രമേ നിത്യമായത് ആയിരിക്കുകയുള്ളു. നമുക്ക് ഇത് നമ്മുടെ തന്നെ ശുശ്രൂഷയിൽ ഒന്ന് പ്രയോഗിച്ചു നോക്കാം. നമ്മുടെ ശുശ്രൂഷയുടെ ഏതു ഭാഗമാണ്. കേവലം മാനുഷിക പരിശീലനത്തിൻറെയും മാനുഷിക വിഭവങ്ങളുടെയും ഫലമായിട്ടുള്ളതെന്ന് കണ്ടെത്തേണ്ടതിന് നമ്മോടുതന്നെ ചോദിക്കാം. നാം നമ്മോടു തന്നെ വിശ്വസ്തരാണെങ്കിൽ അതിൻറെ ഉത്തരം കണ്ടെത്തുമ്പോൾ നാം അത്ഭുതപ്പെട്ടു പോകും. യേശുക്രിസ്തു ഇന്നെലെയും ഉന്നും എന്നേക്കും അനന്യൻ തന്നെ. ഇന്നും അവിടുത്തെ എതിർപ്പ് ജീവനില്ലാത്ത അറിവുള്ളവരും പരിശുദ്ധാത്മാവിൻറെ അഭിഷേകം കൂടാതെ അറിവുകൾ വിതരണം ചെയ്യുന്നവരുമായ ബൈബിൾ സെമിനാരി പ്രഫസർമാരോടും മിഷൻ നേതാക്കളോടുമാണ്. അപ്പൊസ്തലന്മാർക്കു അവരുടെ കാലത്തുണ്ടായിരുന്ന ഇങ്ങനെയുള്ള ആളുകളുമായി എതിർപ്പ് ഉണ്ടായിരുന്നു. അതുപോലെ നാമും യേശുവിൻറെ കാൽച്ചുവടുകളിലൂടെ നടക്കണമെങ്കിൽ ഇത്തരത്തിലുള്ള ആളുകളോട് എതിർക്കുന്നവരായിരിക്കണം. ഇങ്ങനെയുള്ള ആളുകളെ പ്രസാദിപ്പിച്ച് ദൈവത്തിന് അനിഷ്ടരാകുന്നതിനെക്കാൾ കർത്താവിനോടു കൂടെ നടന്ന് അവരോടെതിർത്തു നിൽക്കാൻ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഞാൻ കൊടുക്കേണ്ട വില അതാണെങ്കിൽ, വേണ്ടി വന്നാൽ ഈ ലോകം മുഴുവനോടും എതിർത്തു നിൽക്കുവാൻ ഞാൻ തയ്യാറാണ്. 'നാം മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നവരാണെങ്കിൽ നമുക്കൊരിക്കലും ക്രിസ്തുവിൻറെ ദാസന്മാരായിരിക്കാൻ കഴിയുകയില്ല' (ഗലാ. 1:10). അതുകൊണ്ട് നമ്മുടെ ശുശ്രൂഷയ്ക്കായി എപ്പോഴും ആത്മാവിൻറെ അഭിഷേകം നമ്മുടെ മേലുണ്ടാകുവാനുള്ള ആഗ്രഹത്തോടെ, ദൈവത്തോടുള്ള നിസ്സഹായ ആശ്രയത്തോടെ നമുക്കു നടക്കാം.